(സി) പുതിയ പാഠപുസ്തകങ്ങൾ 2014-15-ൽ പതിനൊന്നാം ക്ലാസ്സിലും 2015-16-ൽ പന്ത്രണ്ടാം ക്ലാസ്സിലും നടപ്പിലാക്കി.

എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിലെ സംവരണം

23 (T2491) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡമെന്താണ് ; ഇതിനായി യോഗ്യത പരീക്ഷ നടത്താറുണ്ടോ ; ഇത് ആരാണ് നടത്തുന്നത് ; ഇതിനായി പ്രത്യേക പരീക്ഷാ ബോർഡോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വിശദമാക്കുമോ ;

(സി) എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിൽ സംവരണതത്വം പാലിക്കാത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; പ്രസ്തുത കേസുകളിൽ അന്തിമവിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂൾ-കോളേജുകളിൽ സംവരണതത്വം പാലിക്കണമെന്ന കോടതി വിധി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) കോടതി വിധി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ വിധിക്ക് മുൻകാല പ്രാബല്യമുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനം കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി നടന്നുവരുന്നു. സ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് കെ.ടെറ്റ് എന്ന പേരിൽ ഒരു യോഗ്യതാ പരീക്ഷ, പരീക്ഷാ കമ്മിഷണർ നടത്തിവരുന്നു. പരീക്ഷാ നടത്തിപ്പിനായി ഒരു പരീക്ഷാ ബോർഡും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ നോമിനി, സർവ്വകലാശാലയിൽ നിന്നുള്ള സബ്ജക്ട് എക്സ്പേർട്ട് മാനേജരുടെ പ്രതിനിധി, കോളേജ് പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന ഒരു ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് അഭിമുഖം നടത്തിയാണ് എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത്. മേൽപ്പറഞ്ഞ സബ്ജക്ട് എക്സ്പേർട്ടിനെ മാത്രം ഒഴിവാക്കി ബാക്കി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് അനദ്ധ്യാപക നിയമനം നടത്തുന്നത്.

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകനിയമനങ്ങളിൽ സംവരണതത്വം പാലിക്കാറില്ല. കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 11 പ്രകാരം നിയമനാധികാരം മാനേജർക്കാണ്. നിയമനം പി.എസ്.സി-ക്കു വിടാനോ സംവരണം നടപ്പാക്കുവാനോ സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ സംവരണ തത്വം പാലിക്കുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ പരിശോധിച്ചുവരുന്നു.

(സി-ഇ) എയ്ഡഡ് സ്കൂൾ സംബന്ധമായി കേസുകൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എയ്ഡഡ് കോളേജ് നിയമനങ്ങളിൽ സംവരണതത്വം സംബന്ധിച്ച 32393/10, 33205/10, 9140/13 എന്നീ റിട്ട് പെറ്റിഷനുകളിൽ 25-5-2015 ൽ ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിവിധി നടപ്പാക്കാൻ 25-5-2015 മുതൽ 6 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ടി സമയപരിധിക്കുള്ളിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ടി വിധിക്ക് മുൻകാല പ്രാബല്യമില്ല.